ഉത്തരം

(എ) എടത്വ സബ്ട്രഷറി കെട്ടിടത്തിന്റെ നിർമ്മാണത്തിന് ശ്രീ. കെ. എ. വർഗ്ഗീസ്, കണ്ണമ്പള്ളിൽ ചങ്കരി പിള്ള എടത്വ എന്ന കരാറുകാരൻ 4-6-2010-ൽ കരാർ ഒപ്പുവച്ചു. അടങ്കൽ തുകയിൽ നിന്നും 25% അധിക തുകയായ 37,35,649 രൂപയാണ് കരാർ തുക.

തുടർന്ന് 27-7-2010-ൽ സൈറ്റ് കൈമാറിയെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ ഇനിയും ആരംഭിച്ചിട്ടില്ല.

(ബി) ഇക്കാര്യത്തിൽ നിലവിലുള്ള നിയമത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടി കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ സ്വീകരിക്കുന്നതാണ്.

ഹരിപ്പാട് നിയോജകമണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള വിവിധ നിർമ്മാണ പ്രവൃത്തികൾ

190 (2280) ശ്രീ. ബി. ബാബു പ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഹരിപ്പാട് നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിനുകീഴിൽ അനുവദിച്ചിട്ടുള്ള മിനി സിവിൽ സ്റ്റേഷൻ, കോർട്ട് കോംപ്ലക്സ്, ജൂനിയർ ടെക്നിക്കൽ സ്കൂൾ കെട്ടിടം ഇവയുടെ നിർമ്മാണം സംബന്ധിച്ച നടപടിക്രമങ്ങൾ ഏതുഘട്ടത്തിലാണ് എന്ന് പ്രത്യേകം പ്രത്യേകം വിശദീകരിക്കുമോ ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ ഓരോന്നിന്റെയും ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടോ ;

(സി) പൂർത്തിയായവ ഏതെല്ലാം ;

(ഡി) പൂർത്തിയാകാനുള്ളവ ഏതെല്ലാം ;

(ഇ) എന്നേക്ക് പ്രസ്തുത നിർമ്മാണ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തിയാകും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ - ഡി) ഹരിപ്പാട് മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം സംബന്ധിച്ച ടെണ്ടർ ഗവൺമെന്റ് ടെണ്ടർ കമ്മിറ്റി 20% അധിക തുക അംഗീകരിച്ച് കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനു നൽകുകയുണ്ടായി. എന്നാൽ ഈ നിരക്കിൽ പ്രസ്തുത ജോലി ചെയ്യുവാൻ കൺസ്ട്രക്ഷൻ കോർപ്പറേഷൻ വിസമ്മതിക്കുകയും ഉയർന്ന നിരക്ക് ആവശ്യപ്പെടുകയുമുണ്ടായി. നിരക്ക് അധികരിച്ച് നൽകുന്ന ശിപാർശ 23-12-2010-ലെ ടെണ്ടർ കമ്മിറ്റി അംഗീകരിച്ച് ധനവകുപ്പിന്റെ അംഗീകാരത്തിനായി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഹരിപ്പാട് കോർട്ട് കോംപ്ലക്സിന്റെ നിർമ്മാണത്തിനായി 250 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള സ്ട്രക്ചറൽ ഡിസൈൻ DRIQ ബോർഡിൽ നിന്നും ലഭിച്ചിട്ടുണ്ട്. അതിൻപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി വരികയാണ്. ഹരിപ്പാട് ടെക്നിക്കൽ ഹൈസ്ക്കൂൾ കെട്ടിട നിർമ്മാണത്തിനുള്ള 455 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

(ഇ) ഹരിപ്പാട് കോർക്ക് കോംപ്ലക്സിന്റെ ടെണ്ടർ നടപടികൾ ജനുവരി 30-ടുകൂടി പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഹരിപ്പാട് ടെക്നിക്കൽ ഹൈസ്ക്കൂൾ കെട്ടിടനിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചതിനു ശേഷം മാത്രമേ ടെണ്ടർ നടപടികൾ ആരംഭിക്കുവാൻ കഴിയുകയുള്ളു.

നിയമപരിഷ്ക്കാര കമ്മീഷൻ റിപ്പോർട്ടിന്റെ വിശദാംശം

191 (2291) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. യു. സി. രാമൻ :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ അദ്ധ്യക്ഷനായി രൂപീകരിച്ച നിയമ പരിഷ്ക്കാര കമ്മീഷന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കാമോ ;

(ബി) കമ്മീഷൻ നൽകിയ ശിപാർശകളുടെ വിശദവിവരം നൽകാമോ ;

(സി) നിലവിലുള്ള നിയമങ്ങളുടെ ബാഹുല്യം നിയന്ത്രിക്കുന്നതിനും അപ്രസക്തമായ നിയമങ്ങൾ അസാധുവാക്കുന്നതിനുമുള്ള ശിപാർശകൾ കമ്മീഷൻ സമർപ്പിച്ചിട്ടുണ്ടോ ;

(ഡി) ജനങ്ങളുടെ മൗലികാവകാശ സംരക്ഷണം സംബന്ധിച്ച ശുപാർശകളോ നിയമനിർമ്മാണം നടത്തുന്നതിനുള്ള നിർദ്ദേശങ്ങളോ കമ്മീഷൻ സമർപ്പിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ അദ്ധ്യക്ഷനായി രൂപീകരിച്ച നിയമപരിഷ്ക്കാര കമ്മീഷന്റെ terms of reference താഴെ പറയും പ്രകാരമായിരുന്നു.

(a) To rectify defects in the existing Laws

(b) To repeal obsolete or unnecessary enactments.

(c) To consolidate, modify and reform the existing Laws.

(d) To simplify or modernize the Laws

LIBRARY ARCHIVES Kerala Legislative Assembly